പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4779** **27.06.2014 ലെ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന എത്ര കർഷകർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആത്മഹത്യ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(എ) കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ 51 കർഷകർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആത്മഹത്യ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു.

| **ജില്ല** | **ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | - |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | - |
| കോട്ടയം | - |
| ഇടുക്കി | - |
| എറണാകുളം | - |
| തൃശ്ശൂർ | 1 |
| പാലക്കാട് | 11 |
| മലപ്പുറം | - |
| കോഴിക്കോട് | - |
| വയനാട് | 26 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| **ആകെ** | **51** |

(ബി) കാർഷിക വിളകൾക്ക് കാലാവസ്ഥ വ്യതിയാനം കൊണ്ടുണ്ടാകുന്ന നഷ്ടം മൂലം യഥാസമയം വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണി നേരിടുന്ന കർഷകരെ

(ബി) സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് 15.02.13 ലെ സ.ഉ.(എംഎസ്) നം.57/13/റവ നമ്പർ പ്രകാരം ഒരു വർഷത്തേക്ക് അനുവദിച്ചിരുന്ന മോറട്ടോറിയത്തിന്റെ

| | | | |
|---|---|---|---|
| | സഹായിക്കുന്നതിനായി നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കി യിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | | കാലാവധി 30.05.2014 ലെ സ.ഉ.(എംഎസ്)നം. 224/14/റവ നമ്പർ ഉത്തരവ് പ്രകാരം 15.02.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | ഏത് തീയതി വരെയുള്ള കാർഷിക വായ്പകളാണ് എഴുതിത്തള്ളുന്നത്; അതിന്റെ വിശദാംശവും നടപടിക്രമവും വ്യക്തമാക്കാമോ? | (സി) | കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിന് നിലവിൽ കൃഷിവകുപ്പിന് പദ്ധതികളില്ല. |

സെക്ഷൻ ഓഫീസർ